വിദ്യയാ വിന്ദതേ അമൃതം

# SRKGVMHSS PURANATTUKARA

# UP & HS

# ACADEMIC MASTER PLAN

# 2025 -2026

**SRKGVMHSS PURANATTUKARA**

**P O PURANATTUKARA**

**THRISSUR**

**680551**

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയഞ്ജത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിലെ അക്കാദമികരംഗമ മുന്നോട്ടു കുതിക്കുകയാണ്. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് മികച്ച പഠനാന്തരീക്ഷമൊരുക്കുക എന്ന മഹത്തായ ദർശനം മുന്നിൽ കണ്ടുകൊണ്ട്, വിദ്യാമന്ദിരവും മാറ്റത്തിന്റെ കാഹളം മുഴക്കി മുന്നോട്ടു കുതിക്കുകയാണ്. വരും വർഷത്തേക്കുള്ള ഒരു വഴിക്കാട്ടി മാത്രമല്ല, മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്രമായ വിദ്യാർത്ഥി വികസനവും ഉറപ്പാക്കുന്നതിനുള്ള നമ്മുടെ വിദ്യാമന്ദിരത്തിന്റെ പ്രതിബന്ധതയുടെ തെളിവും കൂടിയാണ് ഈ മാസ്റ്റർ പ്ലാൻ. ഈ വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരുടെയും പി.ടി.എ മറ്റ് അഭ്യുതകാംക്ഷികളുടെയും കൂട്ടായ ചർച്ചകളുടെയും പരിശ്രമത്തിന്റെയും ഫലമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

## എന്താണ് അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ വിദ്യാഭ്യാസം മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ തന്ത്രങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്ന ഒരു സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. നാളെയെ കുറിച്ചുള്ള സമൂഹത്തിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും പ്രതിഫലിക്കുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ നവകേരള സൃഷ്ടിക്കുള്ള ആദ്യചുവടുവെയ്പ്പാണ്. 202425 അധ്യയന വർഷത്തേക്കുള്ള വിദ്യാമന്ദിരത്തിന്റെ ഈ മാസ്റ്റർ പ്ലാൻ, വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര അനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണക്കുന്നതിനും മുഴുവൻ വിദ്യാർത്ഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനുമായാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

## ആസൂത്രണം

അടുത്ത അധ്യയന വർഷത്തേക്ക് വേണ്ടി, വിദ്യാമന്ദിരത്തിൽ തയ്യാറാക്കുന്ന സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രസക്തി ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് അധ്യയന വർഷം ആരംഭിക്കുന്നത് മിമ്പുള്ള അവധിക്കാലത്ത് തന്നെ വിശദമായ ആസുത്രണ യോഗം കൂടിയിരുന്ന വിഷയാടിസ്ഥാനത്തിൽ, അധ്യാപകർ മുന്നോട്ടുവെച്ച ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം ഭാഷകൾ തെറ്റുകൂടാതെ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക.
- സാമൂഹ്യബോധമുള്ള മികച്ച പൗരൻമാരായി കുട്ടികളെ മാറ്റുക. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിച്ച് തികച്ചും സൗജന്യം സാർവ്വത്രികവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക, അധ്യാപനം സർഗ്ഗാത്മകവും രസകരമാക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- പഠനം കൂടുതൽ രസകരവും താൽപര്യ ജനകവുമാക്കാൻ ഫലപ്രദമായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക.
- സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക
- ലഹരി, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് തിരിച്ചവ് ഉണ്ടാക്കുക.
- സമ്പാദ്യശീലത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- റോഡ് സുരക്ഷയെക്കുറിച്ച് അവബോധം ഉണ്ടാക്കുക.

## എന്റെ വിദ്യാലയം :- മികവിന്റെ കേന്ദ്രം 'കാഴ്ചപ്പാട്'

- പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- ശുചിത്വം, ദീനാനുകമ്പ, സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ.
- പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നു എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറക്ക് കൈമാറാനുള്ള ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തരാക്കൽ.
- ഭിന്നശേഷി സൗഹൃദ അന്തരീക്ഷം ഒരുക്കുക.

# SRKGVMHSS PURANATTUKARA അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ മാനേജർ | : | സ്വാമി സദ്ഭവാനന്ദ |
| HS വിഭാഗം HM | : | സി. മനോജ് |
| HSS വിഭാഗം പ്രിൻസിപ്പാൾ | : | സുനിത ആർ നായർ |
| LP വിഭാഗം HM | : | കെ.ആർ.രജിത് |
| PTA പ്രസിഡന്റ് | : | മധു കാര്യാട്ട് |
| ആകെ അധ്യാപകർ | : | 37 |
| HS വിഭാഗം | : | 23 |
| UP വിഭാഗം | : | 14 |
| ക്ലർക്ക് | : | 1 |
| ഓഫീസ് അസിസ്റ്റന്റ് | : | 2 |
| FTM | : | 2 |
| ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| ഉപജില്ല | : | തൃശ്ശൂർ വെസ്റ്റ് |
| BRC | : | പുഴക്കൽ |
| UDISE CODE | : | 3271400104 |
| ബ്ളോക്ക് | : | പുഴക്കൽ |
| പഞ്ചായത്ത് | : | അടാട്ട് |
| വില്ലേജ് | : | പുറനാട്ടുകര |

## ഡിവിഷനുകളുടെ എണ്ണം

| | | |
|---|---|---|
| അപ്പർപ്രൈമറി | : | 12 |
| ഹൈസ്കൂൾ | : | 15 |
| ആകെ | : | 27 |

വിദ്യാർത്ഥികളുടെ എണ്ണം

| | | |
|---|---|---|
| അപ്പർപ്രൈമറി | : | 316 |
| ഹൈസ്കൂൾ | : | 546 |
| ആകെ | : | 862 |

## വിദ്യാലയ ചരിത്രം

വിദ്യാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത് യോഗിവര്യനായ ശ്രീമദ് ത്യാഗീശാനന്ദ സ്വാമികളിൽ നിന്നാണ്. വിവേകാനന്ദ-ഗാന്ധി സൂക്തങ്ങളിൽ ആകൃഷ്ടനായി തന്റെ വക്കീൽ ജോലി ഉപേക്ഷിച്ച 'ശ്രീ കറുപ്പത്ത് കൃഷ്ണൻ മേനോൻ' ആണ് പിന്നീട് ഏവരാലും ആദരിക്കപ്പെടുന്ന ശ്രീമദ് ത്യാഗീശാനന്ദ സ്വാമിയായി മാറിയത്. അദ്ദേഹത്തിന്റെ ജീവിതപാത കൂടുതൽ വിസ്തൃതമായത് കൃഷ്ണൻ മേനോൻ എന്ന അദ്ധ്യാപകനിലൂടെയാണ്. തൃശ്ശൂരിലെ വിവേകോദയം സ്കൂളിൽ അധ്യാപകനായിരുന്നപ്പോൾ ഗാന്ധിയൻ വീക്ഷണങ്ങളോടുള്ള താൽപര്യം അദ്ദേഹത്തെ ഹരിജനസേവനങ്ങളിലേക്കെത്തിച്ചു. നഗരത്തിൽ നിന്ന് ഗ്രാമപ്രദേശങ്ങളിലേക്ക് കിലോമീറ്ററുകളോളം സായന്തന സവാരി നടത്താറുള്ള അദ്ദേഹത്തിന്റെ യാത്ര അടാട്ട് – കുറൂർ പാറവരെ എത്താറുണ്ടായിരുന്നു. ആ യാത്രകൾക്കിടയിൽ പുറനാട്ടുകര – അടാട്ട് ഭാഗങ്ങളിൽ താമസിക്കുന്ന ഹരിജനങ്ങളുടെ ദയനീയാവസ്ഥ അദ്ദേഹത്തിന്റെ മനസ്സിനെ സ്പർശിച്ചു. അവരുടെ ഉന്നമനത്തിനായി എന്തെങ്കിലും ചെയ്തേ പറ്റൂ എന്നദ്ദേഹം തീരുമാനിച്ചു. ദാരിദ്ര്യവും നിരക്ഷരതയുമാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം തന്റെ പ്രവർത്തന രംഗം പിന്നീട് പുറനാട്ടുകരയിലേക്ക് മാറ്റി.

ത്യാഗീശാനന്ദ സ്വാമികൾക്ക് ശേഷം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ദീർഘകാലം നേതൃത്വം നൽകിയ ശ്രീമദ് ഈശ്വരാനന്ദസ്വാമികൾ, ശ്രീമദ് വ്യോമകേശാനന്ദ സ്വാമികൾ തുടങ്ങിയവരുടേയും ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന്റെ സന്ദേശവാഹകരായി ഇവിടെ എത്തിച്ചേർന്ന ഒട്ടേറെ പരിവ്രാജകരുടേയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന ഈ മഹാപ്രസ്ഥാനം.

1934 ൽ ഗാന്ധിജി ആശ്രമത്തിലേക്ക് വന്നപ്പോൾ, അന്ന് അദ്ദേഹം താമസിച്ച 'ആനന്ദ കുടീരം' എന്ന കെട്ടിടമാണ് ഇന്ന് 'ഗാന്ധിസ്മൃതി' എന്ന പേരിൽ സ്കൂളിൽ സംരക്ഷിച്ച് നിർത്തിയിട്ടുള്ളത്. ആശ്രമത്തിലെ അമ്പലത്തിനും കുട്ടികൾക്കുള്ള ഹോസ്റ്റലിനും തറക്കല്ലിട്ടതിനു ശേഷമാണ് ഗാന്ധിജി അടുത്ത ദിവസം ഇവിടെ നിന്നും തിരിച്ചു പോയത്.

1927 ൽ ആരംഭിച്ച വിദ്യാലയം 1931 ൽ സെക്കണ്ടറി സ്കൂൾ ആയി ഉയരുകയും അടുത്ത വർഷത്തിൽ ഹൈസ്കൂൾ ആവുകയും ചെയ്തു. 1940 ൽ ആണ് ഇവിടെ നിന്ന് ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് കുട്ടികൾ പുറത്ത് പോകുന്നത്. 1998 ൽ വിദ്യാമന്ദിരം ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളായി ഉയരുകയും പിന്നീട് 1999 ൽ സയൻസിന് ഒരു ബാച്ച് കൂടി അനുവദിച്ചു കിട്ടിയതോടെ കുട്ടികളുടെ ഹയർസെക്കന്ററി പഠനത്തിന് കൂടുതൽ സൗകര്യം ലഭിക്കുകയുമുണ്ടായി.

## നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം –നേട്ടങ്ങൾ**

- 16 ക്ലാസ്സ് മുറികൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറ്റി.
- എല്ലാ ക്ലാസ്സ് മുറികളിലും ആവശ്യത്തിനനുസരിച്ച് ലൈറ്റും ഫാനും ഉണ്ട്.
- ലൈബ്രറി, ഐ.ടി ലാബ്, സയൻസ് ലാബ്, എന്നിവയും സ്ക്കൂളിൽ പ്രവർത്തിക്കുന്നു.
- കൃത്യമായ സ്പീക്കർ സിസ്റ്റം സ്കൂളിൽ ഉണ്ട്. അസംബ്ലിയും മറ്റു പരിപാടികളും നടത്തുന്നതിന് പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടെ സ്ഥിരമായ മൈക്ക് സംവിധാനം സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്.
- പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടെ പണികഴിപ്പിച്ച ശീതീകരിച്ച സ്മാർട്ട് റൂം സ്ക്കൂളിലുണ്ട്.
- മഴയും വെയിലും കൊള്ളാതെ അസംബ്ലി കൂടാനും മറ്റു പാഠ്യേതര പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പാകത്തിൽ ടൈൽ വിരിച്ച് ട്രസ്സ് ചെയ്ത നടുമുറ്റം സ്കൂളിലേക്ക് കൊച്ചിൻ ഷിപ്‌യാർഡിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗപ്പെടുത്തി പണികഴിപ്പിച്ചിട്ടുണ്ട്.
- പൂർവ്വ അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ കുട്ടികൾക്ക് ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കിയിട്ടുണ്ട്.
- കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കാൻ രണ്ട് സ്കൂൾ ബസുകളും, സ്വകാര്യ വ്യക്തികൾ നടത്തുന്ന സമാന്തര ഗതാഗത സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.
- വിദ്യാലയത്തിനടുത്ത് കുട്ടികൾക്ക് കളിക്കാനായി ഒരു ഗ്രൗണ്ട് പ്രത്യേകം തയ്യാറാക്കിയിട്ടുണ്ട്. വിദ്യാലയത്തിന് പുറത്തുള്ള പ്രധാന ഗ്രൗണ്ടിന് പുറമെയാണിത്.
- ജലലഭ്യത ഉറപ്പാക്കുന്നതിനായി രണ്ട് കിണറുകളും, മഴവെള്ള സംഭരണികളും സ്കൂളിൽ ഉണ്ട്.
- വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി സോളാർ പാനലുകൾ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്.
- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായിട്ടുള്ള ടോയ്‌ലറ്റ് സൗകര്യം സ്കൂളിലുണ്ട്.
- ഒഴിവ് സമയങ്ങളിൽ കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ ചെസ്സ്ബോർഡ്, കാരംബോർഡ്, തുടങ്ങിയ കളിയുപകരണങ്ങൾ സ്കൂളിലുണ്ട്.
- ഭൂപടവായനയുമായി ബന്ധപ്പെട്ട് വിദ്യാലയത്തിന്റെ പ്രവേശന കവാടത്തിനരികെ സ്ഥാപിച്ചിട്ടുള്ള ഇന്ത്യയുടെ ത്രിമാനഭൂപടം ഭൂപ്രകൃതി പഠിക്കാൻ ഏറ്റവും സഹായകരമാണ്.

## ഭൗതികം – പരിമിതികൾ :-

- യു.പി വിഭാഗം കുട്ടികൾക്ക് ഐ.ടി പഠനവുമായി ബന്ധപ്പെട്ട് ലാപ്ടോപ്പുകൾ ഉണ്ടെങ്കിലും അത് സജ്ജീകരിക്കാൻ, ഒരു ക്ലാസ്സ് മുറി ഇത് വരെ ലഭ്യമാക്കിയിട്ടില്ല.

**അക്കാദമികം :- നേട്ടങ്ങൾ**

- തുടർച്ചയായി അഞ്ച് വർഷം പത്താംക്ലാസ്സ് പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കാൻ സ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്.
- 2024-25 അധ്യയന വർഷത്തിൽ പതിനെട്ട് കുട്ടികൾ USS സ്കോളർഷിപ്പിന് അർഹത നേടി.
- 2024-25 അധ്യയന വർഷത്തിൽ അനിരുദ്ധ് NMMS സ്കോളർഷിപ്പിന് അർഹത നേടി.
- വളരെ മികച്ച രീതിയിൽ NCC, SCOUT, LITTLE KITES തുടങ്ങിയവ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ദേശീയ തലത്തിൽ ശ്രദ്ധ നേടിയ പ്രകടനം കാഴ്ചവെച്ചിട്ടുള്ള വിദ്യാമന്ദി രത്തിലെ NCC കേഡറ്റുകൾ എന്നും മറ്റുള്ളവർക്ക് പ്രചോദനമാണ്.
- ശാസ്ത്ര – ഗണിത ശാസ്ത്ര , സാമൂഹ്യശാസ്ത്ര, ഐ.ടി പരിചയമേളകളിലും, കലാമേളക ളിലും സബ്ജില്ലാതലം മുതൽ സംസ്ഥാനതലം വരെ പങ്കെടുക്കാനും മികച്ച വിജയം കര സ്ഥമാക്കാനും സ്ക്കൂളിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.
- സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി (STEPS) യുടെ സംസ്ഥാനതലത്തി ലേക്ക് ഇപ്പോൾ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന ദർശൻ കെ.എം എന്ന വിദ്യാർത്ഥി തിരഞ്ഞെടു ക്കപ്പെടുകയും തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാനതല ക്യാമ്പിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവെക്കുകയും ചെയ്തു.
- കായിക മേഖലയിൽ മിന്നുന്ന പ്രകടനങ്ങളാണ് സ്കൂളിലെ കുട്ടികൾ കാഴ്ചവെച്ചിട്ടുള്ളത്. 2024 ൽ നടന്ന സുബ്രതോ മുഖർജി ഫുട്ബോളിൽ സംസ്ഥാന തലത്തിൽ നാലാം സ്ഥാനം കരസ്ഥമാക്കിയത് നമ്മുടം വിദ്യാലയമായിരുന്നു. കഴിഞ്ഞ 18 വർഷത്തോളമായി ഉപജില്ലാത ലത്തിൽ ക്രിക്കറ്റ് ചാമ്പ്യന്മാരായ വിദ്യാമന്ദിരത്തിന്റെ റെക്കോഡ് ഇപ്പോഴും മറ്റാർക്കും മറിക ടക്കാനാവാതെ നിലനിർത്താൻ കഴിയുന്നത് നമ്മുടെ കുട്ടികളുടെ കഠിനാധ്വാനത്തിന്റെ ഗുണം കൊണ്ട് മാത്രമാണ്.

## അക്കാദമികം – പരിമിതികൾ

- വിവിധ  മത്സര പരീക്ഷകളിലെ കുട്ടികളുടെ മാകവ് ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ഭാഷാ വിഷയങ്ങളിൽ കൃത്യമായ പരിശീലനം നൽകുന്നുണ്ടെങ്കിലും, തെറ്റില്ലാതെ എഴുതാനും വായിക്കാനും അറിയാത്ത കുട്ടികൾ ചില ക്ലാസ്സുകളിൽ ഇപ്പോഴും ഉണ്ട്.
- സ്കൂൾ ലൈബ്രറി, ലാബ്, മുതലായവ ആധുനിക വത്കരിക്കേണ്ടതുണ്ട്.
- പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ വേണ്ടത്ര സമയം ലഭിക്കാത്തത്, കുട്ടികൾക്കും അധ്യാപകർക്കും ഒരു വലിയ വെല്ലുവിളിയായി ഇന്നും നിലകൊള്ളുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

**അക്കാദമികം :–**

- ഭാഷാശേഷീവികസനം
- ഗണിതശേഷീ വികസനം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ശലഭോദ്യാനം
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാകായിക ശാസ്ത്രമേളകൾ
- ഐടി പരിശീലനം
- ക്ലാസ്സ് സജീവമാക്കൽ
- പ്രതിഭാപോഷണ പരിപാടി
- എസ്.ആർ.ജി ശാക്തീകരണം
- ശിൽപശാലകൾ
- ഭിന്നശേഷി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കൽ
- അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങൾ
- പോഷകാഹാരപരിപാടി
- ടേം മൂല്യനിർണയം
- നിരന്തര മൂല്യനിർണയം
- ദിനാചരണങ്ങൾ
- മത്സരപരീക്ഷാ പരിശീലനം
- കായിക പഠനം
- വിജയഭേരി ക്ലാസ്സുകൾ
- USS/NMMS പരിശീലനം
- ഭൂപട വായന

**ഭൗതികം**

- വായനമുറി
- വിശ്രമ മുറി
- കമ്പ്യൂട്ടർ ലാബ്
- ഡൈനിംഗ് ഹാൾ
- മാലിന്യ സംസ്കരണം
- ഉദ്യാനം
- ഭാഷോത്സവം
- ഗണിതോത്സവം
- ഐ.ടി മേള
- കലാ–കായിക പ്രവൃത്തി പരിചയമേള
- ക്ലാസ്സ് ലൈബ്രറി
- ഭിന്നശേഷി കുട്ടികളുടെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ

## സാമൂഹികം

- പി.ടി.എ ശക്തിപ്പെടുത്തൽ
- വിദ്യാലയവികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം
- എസ്.എസ്.എൽ.സി ജാഗ്രത സമിതി കാര്യക്ഷമമാക്കൽ
- ഗ്രന്ഥശാലകൾ,ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ അധ്യാപകർ, സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- ഭവനസന്ദർശനം
- മികവുത്സവങ്ങൾ
- ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ
- റോഡ് സുരക്ഷ
- സാമ്പത്തിക അച്ചടക്കം

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്ക് അനുസരിച്ച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കാനും സാധിക്കും
- കുട്ടികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു.
- കുട്ടികളെ സാമൂഹിക പ്രതിബന്ധതയുള്ള പൗരന്മാരായി വളർത്തുക
- കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം
- വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനം
- തങ്ങൾക്ക് താൽപര്യമുള്ള വഴികൾ കണ്ടെത്താനും തുടർന്ന് പഠിക്കാനുമുള്ള വഴിയൊരുക്കുന്നു.

## മോണിറ്ററിംഗ്

- പൊതുവിദ്യാഭ്യാസ സംരക്ഷണയഞ്ജത്തിന്റെ കൂടി ഭാഗമായി തയ്യാറാക്കിയ അക്കാദ മിക മാസ്റ്റർ പ്ലാൻ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കും.
- മാസത്തിൽ എസ്.ആർ.ജി യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും
- ക്ലാസ്സ് തല പ്രവർത്തനങ്ങൾ ക്ലാസ്സ് പി.ടി.എ കളിൽ വിലയിരുത്തും
- ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവെക്കുകയും അതിനനുസരിച്ച് നടപ്പിലാക്കുകയും ചെയ്യും.

## ഉപസംഹാരം

ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്രപുരോഗതിക്ക് വേണ്ടി തയ്യാറാക്കിയതാണ്. ഇത് മേൽ നടപടിക്കായി സമർപ്പിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : മലയാളം** **മേഖല : അക്കാദമികം**

## അവസ്ഥാ വിശകലനം :

പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികളിൽ നിന്നും ലഭ്യമായ പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ, പാഠപുസ്തകത്തിന് പുറമെയുള്ള അറിവുകൾ, പൊതുവിജ്ഞാനം, അധിക വായന, പൈതൃക മനോഭാവം, മലയാള അക്ഷരങ്ങളുടെ അറിവ്, ഭാഷാ പ്രയോഗം, പ്രകൃതി സ്നേഹം, സാംസ്കാരിക മൂല്യങ്ങൾ, മാനവിക മൂല്യങ്ങൾ തുടങ്ങിയവയുടെ അഭാവം കുട്ടികളിൽ കണ്ടെത്തുകയും, അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തു. പഠനക്യാമ്പുകൾ, ശിൽപശാലകൾ, ദിനാചരണങ്ങൾ, പ്രമുഖ വ്യക്തികളുടെ വാക്കുകൾ, ലൈബ്രറി മുതലായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ആസൂത്രണം ചെയ്തു വെച്ച ഓരോ പ്രവർത്തനങ്ങളും വളരെ നല്ല രീതിയിൽ നടപ്പിലാക്കുന്നതിനായി എല്ലാ അധ്യാപകരുടേയും പൂർണമായ സഹകരണം ഉറപ്പു വരുത്തുന്നതിനും, വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിലൂടെ മലയാള ഭാഷാപഠനത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ലക്ഷ്യമിടുന്നു.

## ഭാഷാശേഷീ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • എല്ലാ വിദ്യാർത്ഥികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷീ വികസനം | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമ്മാണം<br>• വാക്യനിർമ്മാണം<br>• പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പരിശീലനം | 2 മാസം<br><br>1 വർഷം | മലയാളം അധ്യാപകർ |
| • എല്ലാ വിദ്യാർത്ഥികളേയും സ്വതന്ത്ര വായനക്കാരാക്കുക | • ക്ലാസ്സ്തല വായനകൂട്ടം രൂപീകരണം<br>• വായനമൂല<br>• പുസ്തക വണ്ടി<br>• ലൈബ്രറി<br>• വായനോത്സവം<br>• ജന്മദിനപുസ്തകം<br>• പത്രവായന | 1 വർഷം | മലയാളം അധ്യാപകരും മറ്റ് സഹപ്രവർത്തകരും |
| • പത്രവായന | • പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുക.<br>• ഓരോ ക്ലാസ്സിലേക്കും ഒരു പ്തരമെങ്കിലും ലഭ്യമാക്കുക.<br>• സ്കൂൾ അസംബ്ലിയിൽ പത്രവായന<br>• പത്രക്വിസ് | 1 വർഷം<br>ദിവസേന<br><br>ദിവസേന<br>ആഴ്ചയിൽ | മലയാളം അധ്യാപകർ |
| • സർഗശേഷീ വികസനം | • വായനാനുഭവം<br>• ശിൽപശാലകൾ<br>• കഥാരചന<br>• കവിതാരചന<br>• കവിതാലാപനം<br>• പ്രസംഗ മത്സരം<br>• സാഹിത്യക്വിസ്<br>• നാടകാവതരണം<br>• സംവാദം<br>• ക്യാമ്പുകൾ<br>• ആസ്വാദനക്കുറിപ്പ്<br>• ക്ലാസ്തലപത്രം<br>• പതിപ്പുകൾ<br>• മാഗസീനുകൾ | മാസം – 1<br>വർഷം – 1<br><br>6 മാസത്തിൽ – 1<br><br>വർഷത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| • ദിനാചരണങ്ങൾ വിവിധ ശേഷികളുടെ വികസനം | • ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളായി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ |

## ഉപസംഹാരം

ആധുനിക കാലത്ത് സോഷ്യൽ മീഡിയയുടെ സ്വാധീനത്തിലകപ്പെട്ട വിദ്യാർത്ഥികളെ സർഗ്ഗാത്മകതയും സാമൂഹിക – സാംസ്കാരികമായും മൂല്യങ്ങളിൽ അധിഷ്ഠിതമായി തിരികെ കൊണ്ടുവരാൻ ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് മാതൃഭാഷാ പഠനവുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിരിക്കുന്നത്. അതിന്റെ ലക്ഷ്യപ്രാപ്തിക്കായി ഓരോ അധ്യാപകരും നിരന്തരം പ്രയത്നിക്കും.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : സംസ്കൃതം** **മേഖല : അക്കാദമികം**

## അവസ്ഥാവിശകലനം :

ഈ അക്കാദമിക വർഷത്തിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പാഠപുസ്തകത്തിന് പുറമെയുള്ള അറിവുകൾ, പൊതുവിജ്ഞാനം, സംസ്കൃത ഭാഷാ പ്രയോഗങ്ങൾ, പ്രകൃതി സ്നേഹം, സാംസ്കാരിക മൂല്യങ്ങൾ തുടങ്ങിയവയുടെ അഭാവം കുട്ടികളിൽ കണ്ടെത്തിയതിനാൽ അത് പരിഹരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തീരുമാനിക്കുകയും, ദിനാചരണപ്രവർത്തനങ്ങൾ, സംസ്കൃതഭാഷാനൈപുണി, ഐ.സി.ടി സാധ്യതകൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഈ അക്കാദമിക വർഷം ലക്ഷ്യമിടുന്നു.

വിഷയം : സംസ്കൃതം  മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • എല്ലാ വിദ്യാർത്ഥികൾക്കും സംസ്കൃതം എഴുതാനും സംസാരിക്കാനുമുള്ള ശേഷീ വികസനം | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിഹാരപ്രവർത്തനങ്ങൾ | 3 മാസം | സംസ്കൃതം അധ്യാപകർ |
| • അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | • പതിപ്പുകൾ<br>• മാഗസീനുകൾ | വർഷത്തിൽ ഒരിക്കൽ | സംസ്കൃതം അധ്യാപകർ |
| • കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | • ദിനാചരണങ്ങൾ<br>• ഒഴിവുസമയങ്ങളിലെപ്രത്യേക ക്ലാസ്സുകൾ | ആഴ്ചയിൽ ഒരിക്കൽ | സംസ്കൃതം അധ്യാപകർ |
| • ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക. | • രചനാശിൽപശാലകൾ<br>• വായനമൂല<br>• പദപയറ്റ്<br>• ചോദ്യോത്തരപയറ്റ്<br>• നിഘണ്ടുനിർമ്മാണം<br>• മാഗസിൻ നിർമ്മാണം | മാസത്തിൽ ഒരിക്കൽ | സംസ്കൃതം അധ്യാപകർ |
| • എല്ലാ കുട്ടികളും സംസ്കൃതം അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പാക്കുക. | • ദിനാചരണങ്ങൾ<br>• പോസ്റ്റർ നിർമ്മാണം<br>• കഥ, ഉപന്യാസം, രചന<br>• അവതരണം | മാസത്തിൽ ഒരിക്കൽ | സംസ്കൃതം അധ്യാപകർ |
| • സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കൽ | • സ്വാതന്ത്ര്യസമര സേനാനികളെ സംസ്കൃതത്തിൽ പരിചയപ്പെടുത്തുന്നു.<br>• പ്രശ്നോത്തരി | ആഗസ്റ്റ് 15 | സംസ്കൃതം അധ്യാപകർ |
| • ഗാന്ധിജയന്തിയോട് അനുബന്ധിച്ച് പ്രവർത്തനങ്ങൾ സജ്ജീകരിക്കൽ | • സംസ്കൃത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശുചീകരണം നടത്തുന്നു. | ഒക്ടോബർ ആദ്യവാരം | ക്ലബ്ബ് |
| • റിപ്പബ്ലിക് ദിനസന്ദേശം കുട്ടികളിൽ എത്തിക്കുന്നു | • പതാക നിർമ്മാണം<br>• പോസ്റ്റർ നിർമ്മാണം<br>• ക്വിസ് മത്സരം | ജനുവരി | സംസ്കൃതം അധ്യാപകർ |
| • സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | • വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ | മാസത്തിൽ ഒന്ന് | സംസ്കൃതം അധ്യാപകർ |
| • ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • കവി പരിചയം<br>• കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്ര കുറിപ്പുകൾ എന്നിവയുടെ രചന, ശേഖരണം, പതിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃതം അധ്യാപകർ |

| | | | |
|---|---|---|---|
| • യുവജനോത്സവങ്ങളിൽ സംസ്കൃതോത്സവവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുക. | • കവിതാലാപനം, ഗാനാലാപനം, സമസ്യാപൂരണം, പ്രശ്നോത്തരി, പ്രഭാഷണം, തുടങ്ങിയ ഇനങ്ങളിൽ പരിശീലനം | ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | സംസ്കൃതം അധ്യാപകർ |
| • ഭാഷാലാബ് | • വിവിധ കലാരൂപങ്ങളുടെ ഡെമോൺസ്ട്രേഷൻ | ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | സംസ്കൃതം അധ്യാപകർ |
| • സംസ്കൃതം ലൈബ്രറി | • സംസ്കൃത ഗ്രന്ഥങ്ങൽ, ബാലകഥകൾ, കവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ, ഫെറൻസ് ഗ്രന്ഥങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തി. | 2 വർഷം | സംസ്കൃതം അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, പി.ടി.എ |
| • സംസ്കൃത ദിനാചരണം | • വിവിധപരിപാടികളോടെ സുചിതമായി ആചരിക്കൽ | സംസ്കൃത ദിനം – ആഗസ്റ്റ് 19 | സംസ്കൃതം അധ്യാപകർ |
| • സംസ്കൃത അസംബ്ലി | • വിവിധ ദിനാചരണങ്ങളോട് അനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി | വിശേഷ ദിവസങ്ങൾ | സംസ്കൃതം അധ്യാപകർ |
| • സംസ്കൃത സംഭാഷണ ശിബിരം | • സംഭാഷണ പാടവം മെച്ചപ്പെടുത്തുന്നതിന് | വർഷത്തിൽ ഒന്ന് | സംസ്കൃതം അധ്യാപകർ |
| • പഠനയാത്രകൾ | • ഭാഷാപ്രാധാന്യമുള്ള ഇടങ്ങളിലേക്ക് | വർഷത്തിൽ ഒന്ന് | സംസ്കൃത കൗൺസിൽ |
| • വിവിധ മത്സരങ്ങൾ | • കഥാരചന, കവിതാരചന, ഉപന്യാസ രചന, പ്രശ്നോത്തരി മുതലായവ | വർഷത്തിൽ ഒന്ന് | സംസ്കൃതം അധ്യാപകർ |
| • മത്സരപരിപാടികൾക്കുള്ള പ്രത്യേക പരിശീലനം | • സംസ്കൃതം സ്കോളർഷിപ്പ്, USS Exam, മുതലായല | ആഗസ്റ്റ് മുതൽ | സംസ്കൃതം അധ്യാപകർ |
| • ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ, മുതലായവ | വർഷത്തിൽ ഒന്ന് | സംസ്കൃതം അധ്യാപകർ |

## <u>ഉപസംഹാരം:–</u>

വിദ്യാർത്ഥികളെ സർഗ്ഗാത്മകപരമായും, സാമൂഹിക– സാംസ്കാരികപരമായും അധിഷ്ഠിതമായ മൂല്യങ്ങളിൽ നിലനിർത്തി, സംസ്കൃത ഭാഷയിൽ കൂടുതൽ പ്രാവിണ്യം നേടാൻ പ്രാപ്തരാക്കുകയും, സനാതനധർമ്മങ്ങളിൽ മുറുകെ പിടിച്ച് ജീവിത വിജയം നേടാനും പ്രാപ്തരാക്കാൻ സംസ്കൃതം പ്രവർത്തനങ്ങൽ ലക്ഷ്യമിടുന്നു.

# ACADEMIC MASTER PLAN – 2025
## SRKGVMHSS-PURANATTUKARA

**Subject: English** **Area: Academic**

**PRESENT SCENARIO**

The current scenario of English language proficiency among children is a cause for concern. Despite being widely taught in schools, many children struggle to communicate effectively in English. The lack of proficiency in English hinders their ability to express themselves, leading to difficulties in academic and personal life.

**KEY CHALLENGERS**

- Poor reading and writing skills
- Limited vocabulary and grammar
- Inability to comprehend complex text
- Difficulty in articulating thoughts and ideas
- Struggle to engage in conversations and discussions

| AIMS | ACTIVITIES | TIME | RESPONSIBILITY |
|---|---|---|---|
| • Enable the learners to communicate effectively and confidently in English | • Mobile library<br>• English assembly<br>• English corner<br>• Story time<br>• Spoken English classes<br>• English cartoon shows | • Daily<br>• Wednesdays<br>• Daily<br>• Daily<br>• Once in a month | English teachers |
| • Provide the learners ample opportunities for the performance in English | • Role plays<br>• Conversations<br>• Debate<br>• Seminar | • Along with the class room activities | English teachers |
| • Enhance creative thinking and writing | • Picture description<br>• Vocabulary cards<br>• Rearrange and make meaningful sentences<br>• Dairy entry<br>• Add more lines | • Along With The Class Room Activities<br>• English club activities | SRG<br>English teachers |
| Dramatisation | Skit<br>Puppet shows<br>Role play | Holidays camp | English club teachers |
| Enable the learners Proficiency in recitation and verification | • Conducting competition in recitation and verification<br>• Audio clips | Class room activities<br>Free period | English teachers |
| Preparations of reviews | Story time | Leisure time | English teachers |
| ICT enabled class room | Video clips<br>Motivational speaks<br>skits, movies | Vacation<br>Twice in an Academic year | English teachers |
| Monologue presentation | Related with the text book | Along with the class room activities | English teachers |

## CONCLUSION -

Apart from the classroom activities children should have an exposure to express their ideas in the form of presentation. For this purpose we decided to conduct recitation and speech competitions. English being foreign language, children are not confident enough to speak. Activities like Role-play, Speech competitions, giving priority to talk with children etc., can help them to improve their communication skills.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : ഹിന്ദി** **മേഖല : അക്കാദമികം**

## അവസ്ഥാവിശകലനം :

ഹിന്ദി ക്ലാസ്സ് മുറികളിൽ നിന്നും ലഭിക്കുന്ന പ്രതികരണങ്ങൾ പരിശോധിക്കുമ്പോൾ കുട്ടികൾക്ക്, അക്ഷരബോധം, പാഠപുസ്തകത്തിന് പുറമെ നിന്നുള്ള അറിവ്, അധിക വായന, പൈതൃകത്തെ കുറിച്ചുള്ള അറിവ്, ഹിന്ദി ഭാഷ പ്രയോഗം, മാനവിക സാംസ്കാരിക മൂല്യങ്ങൾ തുടങ്ങിയ മേഖലകളിൽ കുറവ് അനുഭവപ്പെട്ടു. ഈ കുറവുകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഹിന്ദി സബ്ജക്ട് കൗൺസിൽ ചർച്ച ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. ദിനാചരണ പ്രവർത്തനങ്ങൾ, വിവിധ ഹിന്ദി ഭാഷാ നൈപുണി വികസന പ്രവർത്തനങ്ങൾ മുതലായവയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ വർഷം ലക്ഷ്യമിടുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| • അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br>• ഉച്ചാരണം, പരിചയപ്പെടുന്നു. | • അക്ഷരക്കാർഡുകൾ<br>• ഉറക്കെ വായിപ്പിക്കൽ<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണ പരിശീലനം | ഹ്രസ്വം<br>ജൂൺ – ജൂലൈ | ഹിന്ദി അധ്യാപകർ |
| • ആഴ്ചയിലെ ദിവസങ്ങൾ പരിചയപ്പെടുന്നു. | • ഓരോ കുട്ടിയുടെയും ജനനദിവസം ഹിന്ദിയിൽ എഴുതുന്നു.<br>• വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• ഹിന്ദി കലണ്ടർ നിർമ്മാണം | ഓഗസ്റ്റ്, സെപ്റ്റംബർ, പഠനപ്രവർത്തനങ്ങൾക്ക് ഒപ്പം | ഹിന്ദി അധ്യാപകർ |
| • വായന, ലേഖനം പരിശീലനം.<br>• വായിച്ച് ആശയം അവതരിപ്പിക്കൽ | • കേട്ടെഴുത്ത്, പദസൂര്യൻ<br>• ചിത്രകഥ, കാർട്ടൂൺ, ചെറിയ കവിതകൾ, വായനക്കായി നൽകുന്നു. | ഡിസംബർ, ജനുവരി | ഹിന്ദി അധ്യാപകർ |
| • പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പരിശീലനം നൽകുന്നു. | • വർക്ക്ഷീറ്റുകൾ നൽകുന്നു.<br>• പുസ്തക വായന | ജൂൺ – ജൂലൈ | ഹിന്ദി അധ്യാപകർ |
| • നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു.<br>• വാക്യഘടന പരിചയപ്പെടുന്നു.<br>• ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ തയ്യാറാക്കുന്നു. | • ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുന്നു.<br>• കഥ, കവിത പൂർത്തിയാക്കൽ.<br>• സൂചനാബോർഡുകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപകർ |
| • പോസ്റ്റർ രചന<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | • മാതൃകാപോസ്റ്ററുകൾ നൽകുന്നു.<br>• വ്യത്യസ്തവിഷയങ്ങളിൽ പോസ്റ്റർ തയ്യാറാക്കുന്നു.<br>• ചെറിയ കവിതകൾക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | നവംബർ<br>ഡിസംബർ | ഹിന്ദി അധ്യാപകർ |
| • ഭാഷാശേഷീ വികസന പ്രവർത്തനങ്ങൾ | • നാടക വിതരണം<br>• സംഭാഷണംരചിക്കുന്നു | ജൂൺ ജൂലൈ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| • സാഹിത്യ അഭിരുചി വളർത്തുന്നതിന്.<br>• ഹിന്ദി ആഘോഷം, കലോത്സവം, തുടങ്ങിവ തയ്യാറാക്കുന്നതിന് | • പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം തുടങ്ങിയവ പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ | ഹിന്ദി അധ്യാപകർ |
| • ആശങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിന്, തിരക്കഥ, രചന, ഡയറിക്കുറിപ്പ് | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ജീവചരിത്രക്കുറിപ്പ്, ഡയറി മുതലായവ തയ്യാറാക്കുന്നു. | നവംബർ ജനുവരി | ഹിന്ദി അധ്യാപകർ |
| • ഹിന്ദി ലൈബ്രറി | • ഹിന്ദി ഗ്രന്ഥങ്ങൾ ബാലകഥകൾ, കവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ | രണ്ട് വർഷം | ഹിന്ദി അധ്യാപകർ |
| • ഹിന്ദി അസംബ്ലി | • ആഴ്ചയിൽ ഒരു ദിവസം സ്കൂൾ അസംബ്ലി ഹിന്ദിയിൽ നടത്തുന്നു. | ആഴ്ചയിൽ ഒന്ന് | ഹിന്ദി ക്ലബ്ബ് |
| • ഹിന്ദി സംഭാഷണ ശിബിരം | • സംഭാഷണപാടവം മെച്ചപ്പെടുത്തുന്നതിനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കുന്നു. | അവധിക്കാലം | ഹിന്ദി ക്ലബ്ബ്, പി.ടി.എ |
| • പഠനയാത്രകൾ | • ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ട വിവിധ സ്ഥലങ്ങളിലേക്കുള്ള പഠനയാത്രകൾ | അവധി സമയം | ഹിന്ദി ക്ലബ്ബ്, പി.ടി.എ |
| • ഐ.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുന്നതിന് | • വിക്ടേഴ്സ് ചാനൽ, സമഗ്രപോർട്ടൽ, തുടങ്ങിയവ പ്രയോജനപ്പെടുത്തൽ, ഹിന്ദി സിനിമകൾ, ഷോർട്ട് ഫിലിമുകൾ ഡോക്യുമെന്ററി മുതലായവയുടെ പ്രദർശനം | അവധിക്കാലം | ഹിന്ദി ക്ലബ്ബ്, പി.ടി.എ |
| • മത്സരങ്ങൾ | • കഥ,കവിത, ഉപന്യാസം, പ്രസംഗം മുതലായവ | മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപകർ |

## ഉപസംഹാരം

ഈ അധ്യയനവർഷത്തെ ഹിന്ദി അക്കാദമിക മാസ്റ്റർ പ്ലാൻ എസ്.അർ.ജി യോഗത്തിൽ ചർച്ച ചെയ്തിരുന്നു.കുട്ടികൾക്ക് ഹിന്ദി ഭാഷയോട് കൂടുതൽ ആഭിമുഖ്യം വളർത്താനും പഠന പ്രവർത്തനങ്ങൾ താൽപര്യത്തോട് കൂടി ഏറ്റെടുത്ത് നടത്താൽ പ്രാപ്തരാക്കുന്നതിനും ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പഠനപ്രവർത്തനങ്ങൾ കൊണ്ട് ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : സയൻസ്** **മേഖല : അക്കാദമികം**

## <u>അവസ്ഥാവിശകലനം :</u>

പുതിയ അധ്യയനവർഷത്തെ അടിസ്ഥാനശാസ്ത്രം അക്കാദമിക മാസ്റ്റർ പ്ലാൻ എസ്.ആർ.ജി യോഗത്തിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുകയും മറ്റുള്ളവരുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് കൂട്ടിച്ചേർക്കലുകൾ നടത്തി വിപുലമാക്കുകയും ചെയ്തു. ഈ വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും പ്രയോജനകരമാക്കുന്ന രീതിയിൽ തരംതിരിച്ചു. പാഠപുസ്തകത്തിൽ നൽകിയ പ്രവർത്തനങ്ങളും കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ, വിദ്യാലയത്തിലെ ശാസ്ത്രാധ്യാപകർ, രക്ഷിതാക്കൾ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • പരിസ്ഥിതി അവബോധം<br>• പരിസ്ഥിതി ഘടകങ്ങൾ മനസ്സിലാക്കൽ<br>• അവയുടെ സംരക്ഷണം.ശാസ്ത്രീയ ഉപയോഗം എന്നീ അറിവുകൾ ഉണ്ടാക്കൽ | • ജൂൺ 5 പരിസ്ഥിതി ദിനം<br>• പരിസ്ഥിതി ദിനക്വിസ്<br>• പോസ്റ്റർ നിർമ്മാണം.<br>• ജൈവവൈവിധ്യ പാർക്ക് പരിപാലനം<br>• നിലവിലുള്ള വിദ്യാവനത്തിൽ പുതിയ ചെടികൾ വെച്ചുപിടിപ്പിക്കൽ, പരിപാലിക്കൽ<br>• പച്ചക്കറിത്തോട്ട നിർമ്മാണം.<br>• സ്കൂൾ പരിസരത്തുള്ള അപരിചിതങ്ങളായ സസ്യങ്ങളെ തിരിച്ചറിയുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി കുട്ടികളെ ഗ്രൂപ്പാക്കി ചുമതല വിഭജിച്ച് നൽകൽ.<br>• നിലവിലുള്ള വിദ്യാവനത്തിലെ പൂമ്പാറ്റ മുട്ടയുടുന്ന ചെടികൾ, തേൻകുടിക്കാൻ വരുന്ന ചെടികൾ എന്നിങ്ങനെ തരംതിരിക്കുകയും അവയെ പരിപാലിക്കാനുള്ള അറിവ് നേടലും.<br>• കാവ് പരിപാലനം<br>• ഔഷധസസ്യ പ്രദർശനം<br>• 'ക്ലീൻ ക്യാമ്പസ്' പദ്ധതി നടപ്പിലാക്കൽ ഇതിലൂടെ പരിസ്ഥിതി ഘടകങ്ങളുടെ സംരക്ഷണ പ്രാധാന്യം തിരിച്ചറിയുന്നു | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽ സെപ്റ്റംബർ<br><br>അക്കാദമിക വർഷം(തുടർ പ്രവർത്തനം) | ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ്ബ് |
| • മഴക്കാല രോഗങ്ങൾ:-<br>• രോഗങ്ങൾ<br>• പകർച്ചാരീതികൾ<br>• നിർമ്മാർജനം എന്നീ കാര്യങ്ങളിൽ കുട്ടികളിൽ അവബോധം ഉണ്ടാക്കൽ | • വിദ്യാലയത്തിൽ :- എല്ലാ ആഴ്ചതോറും (വെള്ളി) കെട്ടിനിൽക്കുന്ന വെള്ളം, ചിരട്ട, മറ്റു പാത്രങ്ങളിൽ തങ്ങി നിൽക്കുന്ന വെള്ളം കണ്ടെത്തലും ഒഴിവാക്കലും. ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കൽ. | എല്ലാ വെള്ളിയാഴ്ചകളിലും | സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ |

| | | | |
|---|---|---|---|
| | • വീടുകളിൽ :- ആഴ്ച തോറും സ്കൂൾ പരിസരങ്ങളിലെ വീടുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ സന്ദർശിച്ച് പരിസരം മനസ്സിലാക്കലും പരിഹാരപ്രവർത്തനങ്ങൾ നടത്തലും.<br>• രക്ഷിതാക്കൾക്കുള്ള ബോധവത്കരണം.<br>• പൊതു ഇടങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്യൽ<br>• മഴക്കാലരോഗങ്ങളെ കുറിച്ച് കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ. | എല്ലാ ഞായറാഴ്ചകളിലും<br><br>ജൂൺ, ജനറൽ പി.ടി.എ<br><br><br>ജൂൺ ആഗസ്റ്റ് | സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ<br><br>ശാസ്ത്ര അധ്യാപകർ<br><br>ഹെൽത്ത് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് |
| • ശാസ്ത്രീയ അറിവ്, ഗവേഷണ പഠനം ആത്മവിശ്വാസം ലോകോത്തരവിജ്ഞാനം എന്നിവ കുട്ടികളിൽ വളർത്തുന്നതിന് | • ചാന്ദ്രദിന ക്വിസ്<br>• ബഹിരാകാശ ഗവേഷണം സംബന്ധിച്ച പ്രസന്റേഷൻ<br>• ശാസ്ത്ര ലേഖനങ്ങൾ, പുസ്തകങ്ങൾ എന്നിവ വായിക്കുന്നു. | ജൂലായ് 22<br><br><br>ജൂലായ് | സയൻസ് ക്ലബ്ബ് |
| വിദ്യാർത്ഥികളിൽ ഇനി പറയുന്ന ശാസ്ത്ര മനോഭാവങ്ങൾ രൂപപ്പെടുന്നതിന്.<br>• വിമർശനാത്മക ചിന്ത<br>• ശാസ്ത്രാഭിരുചി<br>• നിരീക്ഷണ പാടവം<br>• താരതമ്യപ്പെടുത്തൽ<br>• ദത്തങ്ങൾ ശേഖരിക്കൽ<br>• നിഗമനത്തിൽ എത്തിച്ചേരൽ | • സയൻസ് ക്ലബ്ബ് യോഗത്തിലൂടെ പുതുമയാർന്ന പരീക്ഷണങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യുന്നു.<br>• ശാസ്ത്ര ക്ലാസ്സുകളിൽ ടിപ്പ് ആക്ടിവിറ്റിയായി ലഘുപരീക്ഷണങ്ങൾ കുട്ടികൾ സ്വയം ചെയ്യുന്നു.<br>• ശാസ്ത്രലാബുകൾ<br>• വിവിധ ദിനാചരണങ്ങളിൽ വിവിധ ശാസ്ത്രപ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• ജീവിതത്തിൽ ആർജ്ജിക്കേണ്ട ലൈഫ് സ്റ്റൈൽ മൂല്യങ്ങളും ശാസ്ത്രമനോഭാവങ്ങളും സ്വായത്തമാക്കുവാൻ ശാസ്തരക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | എല്ലാ മാസവും<br><br>തുടർപ്രവർത്തനങ്ങൾ<br><br><br>വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |
| • ഊർജ്ജത്തിന്റെ ഉപയോഗം, ഉൽപാദനം എന്നിവ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്ന് കുട്ടികളിൽ അവബോധം ഉണ്ടാക്കൽ.<br>• ഊർജ്ജ സംരക്ഷണത്തിൽ | • ദേശീയ ഊർജസംരക്ഷണദിനം<br>• സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ആഘോഷിക്കൽ | നവംബർ | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| വിദ്യാർത്ഥികളുടെ പങ്ക് മനസ്സി ലാക്കുന്നു.<br>• നിത്യജീവിതത്തിൽ ശാസ്ത്രീയ ജ്ഞാനത്തിന്റെ പങ്ക് കണ്ടെ ത്തൽ | • ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി പ്രതിനി ധിയുടെ ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നു.<br>• എൽ.ഇ.ഡി ബൾബ് വർക്ക്ഷോപ്പ് സംഘടിപ്പി ക്കുന്നു. | ഒരു ദിവസം | സയൻസ് ക്ലബ്ബ് |
| • സി.വി രാമൻ ദിനം– ശാസ്ത്ര ലോകത്തെ നൂതന ആശയങ്ങൾ<br>• അന്ധവിശ്വാസം, അനാചാരം, മാറ്റി നിർത്തി ശാസ്ത്രമാണ് സത്യം എന്ന ബോധമുണ്ടാക്കൽ<br>• ജീവിത സാഹചര്യം മാറ്റാനും വികസിപ്പിക്കാനും ശാസ്ത്ര ത്തിനേ കഴിയൂ എന്ന അറിവ് നിർമ്മിതിക്കായി. | ശാസ്ത്രസാങ്കേതിക ലോകത്തെ നൂതന ആശ യങ്ങൾ – ക്ലാസ്സ്, കൂടാതെ –<br>• ശാസ്ത്ര ക്വിസ്<br>• പോസ്റ്റർ രചന<br>• ഐ.സി.ടി സഹായ ത്തോടെ നടത്തുന്ന പ്രസ ന്റേഷൻ എന്നിവ നടത്തു ന്നു. | ഫെബ്രുവരി<br><br>ഒരാഴ്ച | സയൻസ് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ |
| • പഠിതാക്കൾ വിജ്ഞാന സമ്പാദ നത്തിനായി ക്ലാസ്സ് റൂം അന്തരീ ക്ഷത്തിൽ നിന്ന് പുറത്ത് വിനോ ദത്തിലൂടെ വിജ്ഞാനം സമ്പാദി ക്കുക എന്ന ലക്ഷ്യത്തിൽ എത്തിചേരുന്നതിന് | ഫുഡ് ഫെസ്റ്റ്<br>• വ്യത്യസ്ത പച്ചക്കറികൾ അതിലൂടെ ഉണ്ടാകുന്ന വിവിധ വിഭവങ്ങൾ, വിവിധ രുചികൾ എന്നിവ മനസ്സിലാക്കുന്നു.<br>• ഭക്ഷ്യവസ്തുക്കളും അവ യിലെ പോഷക ഘടക ങ്ങളും അവയുടെ പ്രാധാന്യം അതിന്റെ ധർമ്മം എന്നിവ മനസ്സിലാ ക്കൽ<br>• 'ദഹനം' എന്ന ജീവൽ പ്രക്രിയ ഉറപ്പിക്കുന്നു.<br>• ഫീൽഡ് ട്രിപ്പ് ശാസ്ത്രീയവിഷയങ്ങൾ തൊട്ടറിയാനും പഠിക്കാ നും. | 1 ദിവസം | സയൻസ് ക്ലബ്ബ് |

## <u>ഉപസംഹാരം:</u>

നിത്യജീവിതത്തിൽ പ്രായോഗികമാക്കേണ്ട ജലസംരക്ഷണം, ശാസ്തരീയമായി പ്ലാസ്റ്റിക് നിർമ്മാർജനം പരിസ്ഥിതി ,സംരക്ഷണം തുടങ്ങി, ശാസ്ത്രവിഷയങ്ങളുമായി ബന്ധ പ്പെട്ട, പരിസ്ഥിതി സംരക്ഷണത്തിനനുയോജ്യമായ നിരവധി പ്രവർത്തനങ്ങൾ പാഠഭാഗവു മായി വബ്ധപ്പെടുത്തിയും അല്ലാതെയും ഏറ്റെടുത്ത് നടത്താൻ കുട്ടികളെ പ്രാപ്തരാക്കാൻ ഈ അക്കാദമിക വർഷം പദ്ധതിയിടുന്നു. കൂടാതെ വിദ്യാലയത്തിലെ പഠനപിന്തുണ സംവി ധാനങ്ങളായ ലാബറട്ടറി ലൈബ്രറി തുടങ്ങിയവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഉപയോഗ പ്പെടുത്താനും കുട്ടികളിൽ വിമർശനാത്മക ചിന്ത ശാസ്ത്രീയാഭിരുചി, നിരീക്ഷണ പാടവം, താരതമ്യപ്പെടുത്തൽ നിഗമനം രൂപീകരിക്കൽ എന്നീ അറിവുകൾ രൂപപ്പെടുത്താനും ശാസ്തര ക്ലാസ്സിൽ ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : സാമൂഹ്യശാസ്ത്രം** **മേഖല : അക്കാദമികം**

## അവസ്ഥാവിശകലനം :–

പുതിയ അധ്യയന വർഷത്തെ സാമൂഹ്യശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ ചർച്ചചെയ്യാനായി സബ്ജക്ട് കൗൺസിൽ ചേരുകയും മുൻവർഷത്തെ പ്രവർത്തനങ്ങളെയും അനുഭവങ്ങളെയും അടിസ്ഥാനപ്പെടുത്തി ഇനിയെന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടാതെ കുട്ടികൾക്ക് പൗരബോധം, ജനാധിപത്യ ശീലങ്ങൾ തുടങ്ങിയവ വളർത്തേണ്ടതിന്റെ പ്രാധാന്യം കൂടി ഉറപ്പിക്കേണ്ടതുണ്ട്. പാഠഭാഗങ്ങൾ കൈകാര്യം കൈകാര്യം ചെയ്യുമ്പോൾ കുട്ടികളിൽ നിന്ന് ലഭ്യമായ പ്രതികരണങ്ങളിൽ നിന്നും പാഠപുസ്തകത്തിന് അപ്പുറമുള്ള അറിവുകൾ, മനോഭാവങ്ങൾ, ജനാധിപത്യ ശീലങ്ങൾ, വിവരശേഖരണം, അധികവായന, കൃത്യമായ ലക്ഷ്യബോധം തുടങ്ങിയവയുടെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്താൻ കഴിഞ്ഞു. യു.പി ഹൈസ്ക്കൂൾ വിഭാഗത്തിലുള്ള കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നുവെങ്കിലും പൊതുവായ ചില കാര്യങ്ങൾ മെച്ചപ്പെടുത്താൻ ഉണ്ട്. സാമൂഹ്യശാസ്ത്ര ലാബ്, ശിൽപശാലകൾ, ദിനാചരണ പ്രവർത്തനങ്ങൽ, ഐ.സി.ടി സാധ്യതകൾ, ക്യാമ്പുകൾ, പഠനയാത്രകൾ, ചരിത്രപഠനത്തിനായുള്ള പ്രവർത്തനങ്ങൾ എന്നിവയും ഈ വർഷം ലക്ഷ്യമിടുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | • കളിയിൽ നിന്ന് കാര്യത്തിലേക്ക് :- <br>• സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ നൽകുന്നു. | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| | • അശ്വമേധം <br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി സഹായത്തോടെ മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റുക. | • Virtual field trip :- <br>ICT സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | • വീട്ടിൽ നിന്ന് പുറത്തേക്ക് <br>• ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | ഗ്രാമസഭ കൂടുന്ന സമയത്ത് | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും സ്വയം രക്ഷയ്ക്കും കുട്ടികളെ പ്രാപ്തരാക്കുന്നു. | • പ്രകൃതി ദുരന്തങ്ങളുടെ വീഡിയോ പ്രദർശനം വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ് തുടങ്ങിയവ വരുമ്പോൾ ശ്രദ്ധിക്കേണ്ടവ – വിദഗ്ദ ക്ലാസ്സ് | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ആവശ്യക്കാർക്ക് നൽകി നന്മയുടെ പാഠം പഠിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, പിടി.എ |
| • വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും ലഹരി ഉപയോഗത്തെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. | • വലയിൽ നിന്നും മോചനം സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും എക്സൈസ് ഉദ്യോഗസ്ഥരുടേയും സഹായത്തോടെ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, വിമുക്തി യോദ്ധാവ് |

| | | | |
|---|---|---|---|
| | കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണക്ലാസ്സ് നടത്തുന്നു. | | |
| • സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫീൽഡ് ട്രിപ്പ് / സർവ്വേ: പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്നു മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ ഇടങ്ങൾ സന്ദർശിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രക്ലബ്ബ് |
| • സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | മത്സരപരീക്ഷകൾ, എഴുതാൻ പ്രാപ്തി നേടുംവിധം പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| • ചരിത്ര പ്രദർശനം | പണ്ടുകാലത്ത് ഉപയോഗിച്ചിരുന്ന വിവിധ വീട്ടുപകരണങ്ങൾ, കാർഷിക ഉപകരണങ്ങൾ, നാണയങ്ങൾ മറ്റു പുരാതന വസ്തുക്കളുടെ ശേഖരണവും പ്രദർശനവും. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, ക്ലബ്ബ് |
| • ഇന്ത്യയുടെ ത്രിമാന ഭൂപടം വായന | ഭൂപട വായന കൂടുതൽ ഫലപ്രദമാക്കുന്നതിനും ഇന്ത്യയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ, നദികൾ, പർവ്വതങ്ങൾ തുടങ്ങിയവ പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| • ദിനാചരണങ്ങൾ | പോസ്റ്റർ, പ്രസംഗം, ക്വിസ്, സ്കിറ്റ് തുടങ്ങിയവ ഉൾപ്പെടുത്തി പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## ഉപസംഹാരം:

**ഈ** അധ്യയന വർഷത്തെ സാമൂഹ്യശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ, ഈ വർഷം നടത്തേണ്ട പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ എസ്.ആർ.ജി യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചു. സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, പഠനയാത്രകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ രസകരമാക്കാൻ ശ്രമിച്ചിട്ടുണ്ട്. കുട്ടികൾക്കിടയിലെ പഠനവിടവ് നികത്താനും, ആവശ്യമുള്ള ഇടങ്ങളിൽ അനുയോജ്യമായി അനുരൂപീകരണ പ്രവർത്തനങ്ങൾ നടത്താനും വിഷയാധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അധ്യാപകരുടേയും രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും മറ്റ് അഭ്യുദയകാംക്ഷികളുടേയും പൂർണ സഹകരണത്തോടെ ഇവയെല്ലാം നടപ്പിലാക്കാൻ സാധിക്കും എന്ന് പ്രത്യാശിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : ഗണിതം** **മേഖല : അക്കാദമികം**

## അവസ്ഥാവിശകലനം :

പുതിയ അധ്യയനവർഷം ഒരുപാട് പ്രതീക്ഷകളും ഉത്തരവാദിത്തങ്ങളും നമുക്ക് നൽകുന്നുണ്ട്. മുൻ കാലങ്ങളിലെ ഗണിതാശങ്ങൾ ഉറപ്പിക്കുന്നതിൽ കോവിഡ് കാലഘട്ടം ഒരു വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. ആ കാലഘട്ടങ്ങളിലെ പഠനവിടവ് പിന്നീടുവന്ന വർഷങ്ങളിലെ അധ്യയനത്തെയും സാരമായി ബാധിച്ചു എന്നു തന്നെ പറയാം. അതുകൊണ്ടു തന്നെ നമ്മുടെ ഉത്തരവാദിത്തങ്ങൾ കൂടുകയാണ് ചെയ്യുന്നത്. ഇത് മറ്റേത് വിഷയത്തെയും പോലെ ഗണിതത്തെയും ബാധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നഷ്ടപ്പെട്ട ഗണിതശേഷികളും ജീവിത മൂല്യങ്ങളും തിരികെ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. 'ഗണിതം മധുരം' എന്ന ആശയം പ്രയോഗത്തിൽ വരുന്നതിനായി ക്ലാസ്സ് റും പ്രവർത്തനങ്ങളെ പുന:ക്രമീകരണം ചെയ്യേണ്ടതു ണ്ട്. ഇതിനുതകുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവർത്തനങ്ങ ളിലൂടെ കൂടുതൽ മികച്ച രീതിയിൽ ഗണിത പഠനം നടപ്പിലാക്കാൻ കഴിയും എന്ന് കരുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| • ആശയധാരണ കൈവരിക്കൽ | • പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ– Maths Clinic | ജൂൺ ആദ്യ വാരം | ഗണിതാധ്യാപകൻ, മുന്നോട്ടു നിൽക്കുന്ന കുട്ടികൾ |
| • നിർമ്മിതികളിലെ ശേഷികൈവരിക്കൽ | • ജ്യാമിതീയപെട്ടിയുടെ ലഭ്യത, ശിൽപശാലകൾ | തുടർപ്രവർത്തനം | ഗണിതം അധ്യാപകർ |
| • ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധിപ്പിക്കൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം ചർച്ച ചെയ്യുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| • ഗണിതാശങ്ങളിൽ നിന്നുടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ എന്നിവ പരിചയപ്പെടൽ | • പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിൽ ശിൽപശാല നടത്തുന്നു.<br>• ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് |
| • സംഘബോധം ഉണ്ടാക്കൽ | • സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ |
| • അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ ഇവ ഫലപ്രദമായി നടത്തി ഫലപ്രാപ്തിയിൽ എത്തിക്കുന്നു. കൂട്ടായ പ്രവർത്തനങ്ങളിലൂടെ പാഠാസൂത്രണം നടത്തി ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം<br>തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, മുതിർന്ന അധ്യാപകർ |
| • ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിതപൂക്കളം ഓണാഘോഷത്തോട് അനുബന്ധിച്ച് മത്സരം സംഘടിപ്പിക്കുന്നു. ഓണക്കോടി സമ്മാനിക്കുന്നു. | ഓണപരീക്ഷക്ക് മുമ്പ് | ഗണിത അധ്യാപകർ |
| • ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജസ്വലത കൈവരിക്കൽ | ഗണിതക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ്, സെക്രട്ടറി, അധ്യാപകർ, പി.ടി.എ |
| • ഗണിത ലാബ് | ശിൽപശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്–ജൂൺ | ക്ലബ്ബ്, സെക്രട്ടറി, അധ്യാപകർ, പി.ടി.എ |
| • രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | ഒരു ടേമിൽ ഒരു പി.ടി.എ നടത്തുന്നു. ചുമതലകൾ നൽകുന്നു. | ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ |

## ഉപസംഹാരം :

ഈ അധ്യയന വർഷത്തെ ഗണിതശാസ്ത്ര അക്കാദമിക മാസ്റ്റർ പ്ലാൻ എസ്.ആർ.ജി മീറ്റിങ്ങിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുകയും എല്ലാവരുടേയും അഭിപ്രായം പരിഗണിച്ച് കൂട്ടി ചേർക്കേണ്ടവ കൂട്ടിച്ചേർക്കുകയും അതിനനുസരിച്ച് മാസ്റ്റർ പ്ലാൻ വിപുലീകരിക്കുകയും ചെയ്തു. സ്കൂളിലെ എല്ലാ വിഭാഗം കുട്ടികളെയും പരിഗണിക്കത്തക്കരീതിയിൽ ഈ വർഷം നടപ്പിലാക്കാനുദ്ദേശിരക്കുന്ന പദ്ധതികളെ വേർതിരിക്കുകയും അവ നടപ്പാക്കാനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ മുന്നിൽ കണ്ട് പ്രത്യേക പ്രവർത്തനങ്ങൾ രൂപകൽപന ചെയ്തു. മികവിന്റെ കേന്ദ്രമാക്കി നമ്മുടെ വിദ്യാലയത്തെ മാറ്റാമെന്ന ലക്ഷ്യത്തോടെ ഈ പ്രവർത്തനങ്ങൽ നടപ്പാക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി അധ്യാപക – രക്ഷാകർത്താക്കളുടെ സഹായ സഹകരണങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ – 2025
# SRKGVMHSS പുറനാട്ടുകര

**വിഷയം : കലാകായികം**

**<u>മേഖല: ചിത്രകല</u>**

- സ്കൂൾ തലത്തിൽ ചിത്രരചനയിൽ മികച്ച കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് 'നിറക്കൂട്ട്' എന്ന ടീം സംഘടിപ്പിക്കുന്നു.
- പെൻസിൽ ഡ്രോയിംഗ്, വാട്ടർ കളർ, ഓയിൽ പെയിന്റ് തുടങ്ങി കുട്ടികളുടെ കഴിവിനനുസരിച്ച് വ്യത്യസ്ത മേഖലകളിൽ പരിശീലനം നൽകുന്നു.
- വിവിധ ക്ലബ്ബുകളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ദിനാചരണങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ 'നിറക്കൂട്ട്' സംഘത്തിലെ അംഗങ്ങളെ ഭാഗമാക്കുന്നു.
- ചിത്രകലയുടെ അടിസ്ഥാന കാര്യങ്ങൾ എല്ലാ കുട്ടികൾക്കും മനസ്സിലാക്കാൻ അവസരം നൽകുന്നു.
- വിദ്യാർത്ഥികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയ ചിത്ര പ്രദർശനം സംഘടിപ്പിക്കുന്നു.

## മേഖല: സംഗീതം

- സംഗീതത്തിൽ അഭിരുചിയുള്ള, വിവിധ വാദ്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന കുട്ടികളെകണ്ടെത്തുന്നു.
- സ്കൂളിലെ പ്രാർത്ഥനാ ടീം വിപുലപ്പെടുത്തുന്നു.
- വിവിധ മത്സരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുന്നു
- നാടൻപാട്ടിൽ കഴിവ് തെളിയിച്ച പൂർവ്വ വിദ്യാർത്ഥികളുടെ സേവനം നാടൻപാട്ട് രംഗത്ത് ഉപയോഗപ്പെടുത്തുന്നു.
- ക്ലാസ്സ് തലത്തിൽ സർഗ്ഗ വേളകൾ സംഘടിപ്പിക്കുന്നു.

## മേഖല: നാടകം

- പാഠപുസ്തകത്തിലെ കഥകൾ നാടകരൂപത്തിലേക്ക് മാറ്റുന്നു.
- അഭിനയത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ ഉൾപ്പെടുത്തി നാടക ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
- സയൻസ്, ഡ്രാമ, ഏകാംഗ നാടകം തുടങ്ങിയവയിൽ പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ പരിശീലനം നൽകുന്നു.
- സ്കൂൾ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ഷോർട്ട് ഫിലിം, നാടകങ്ങൾ തുടങ്ങിയവ ഒരുക്കുന്നു.

## മേഖല: കായികം

- പറപ്പൂർ എഫ്.സി യുടെ സഹകരണത്തോടെ ഫുട്ബോൾ പരിശീലനം സംഘടിപ്പിക്കുന്നു.
- സാധ്യമായ ടൂർണമെന്റുകളിലെല്ലാം കുട്ടികളെ പങ്കെടുപ്പിക്കുന്നു.
- എസ്.ആർ.കെ ക്രിക്കറ്റ് അക്കാദമിയുടെ നേതൃത്വത്തിൽ ക്രിക്കറ്റ് പരിശീലനം കൂടുതൽ വിപുലമാക്കുന്നു.
- ട്രാക്ക് മത്സരങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- ക്രിക്കറ്റ്, ഫുട്ബോൾ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.
- പൂർവ്വ വിദ്യാർത്ഥികളായ കായികതാരങ്ങളുടെ സഹകരണത്തോടെ പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.
- പ്രത്യേക പരിഗണന അർഹിക്കുന്ന (CWSN) കുട്ടികളുടെ വികസനത്തിനായി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ.

## Resource Room:-

എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഒരു Resource Room പണിക്കഴിപ്പിക്കുക എന്നത് വിദ്യാലയത്തിന്റെ ഒരു ചിരകാല അഭിലാഷമാണ്. ഇതുവഴി CWSN കുട്ടികളുടെ പഠനത്തിന് കൂടുതൽ പ്രാധാന്യവും ശ്രദ്ധയും നൽകാൻ കഴിയും. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാണെങ്കിലും ഈ കുട്ടികൾക്ക് മാത്രമായി അധ്യയനം നടത്താൻ ഒരു പ്രത്യേക ക്ലാസ്സ് മുറി സജ്ജീകരിക്കാൻ സർക്കാർ സംവിധാനങ്ങളുടേയും മറ്റ് അഭ്യുദയകാംക്ഷികളുടെയും സഹകരണം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്വയംതൊഴിൽ പരിശീലന കേന്ദ്രം:

പഠനത്തോടൊപ്പം ഭാവിജീവിതത്തിൽ മുതൽക്കൂട്ടായി മാറ്റാവുന്ന ഏതെങ്കിലും സ്വയം തൊഴിൽ ആർജ്ജിച്ചെടുക്കാൻ ഉള്ള അവസരം കൂടി CWSN കുട്ടികൾക്ക് നൽകാനായാൽ ആ കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും സംബന്ധിച്ച് അതൊരു വലിയ കാര്യം തന്നെയാണ്. ആവശ്യമായ സഹായ സഹകരണങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും മറ്റു ഏജൻസികളുടെ ഭാഗത്ത് നിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉൾച്ചേർന്ന വായന :

CWSN കുട്ടികളുടെ വായന കൂടി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്കൂൾ ലൈബ്രറിയിൽ അവർക്കായുള്ള പുസ്തകങ്ങൾ ലഭ്യമാക്കുക. അന്ധരായ കുട്ടികളുടെ വായനക്ക് സഹായകരമായ പുസ്തകങ്ങളും ഇതിൽ ഉൾപ്പെടണം.

## Computer Learning:

CWSN കുട്ടികൾക്ക് കമ്പ്യൂട്ടർ പഠനം സാധ്യമാക്കുന്നതിന് റിസോഴ്സ് റൂമിൽ കമ്പ്യൂട്ടർ സംവിധാനങ്ങളും ഉറപ്പാക്കണം. കാഴ്ചാവൈകല്യമുള്ള കുട്ടികൾക്ക് Talking Computer പഠനവും നൽകുന്ന തരത്തിലുള്ള കമ്പ്യൂട്ടർ പഠനമാണ് വേണ്ടത്.

## Physio Therapy :

ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരിക പുരോഗതിക്ക് ഇത്തരത്തിലുള്ള തെറാപ്പി സൗകര്യങ്ങൾ സ്കൂളിൽ തന്നെ ലഭ്യമാക്കുന്നത് നല്ലതാണ്.

## <u>– ഉപസംഹാരം –</u>

SRKGVMHSS പുറനാട്ടുകര തയ്യാറാക്കിയ ഈ പദ്ധതി ഏറെ കാലത്തെ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം നിർമ്മിച്ചതാണ്. വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി സാധ്യമാകുമെന്ന പ്രതീക്ഷയോടെ ഇത് ഞങ്ങൾ മേൽ നടപടിക്കായി സമർപ്പിക്കുന്നു.